(ബി) ദേവാലയങ്ങളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും എത്ര ദൂരംഅകലത്തിലാണ് മദ്യഷാപ്പുകൾ സ്ഥാപിക്കുവാൻ അനുമതി നൽകുന്നത് ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) 20-10-1986-ൽ

(ബി) കള്ളുഷാപ്പുകൾ, ചാരായഷാപ്പുകൾ, വിദേശമദ്യ ചില്ലറ വിൽപ്പന ഷാപ്പുകൾ എന്നിവയെ സംബന്ധിച്ചിടത്തോളം 400 മീറ്റർ അകലത്തിലും വിദേശമദ്യ മൊത്ത വിൽപ്പന ഷാപ്പുകൾ, ബാറുകൾ എന്നിവയെ സംബന്ധിച്ചിടത്തോളം 200 മീറ്റർ അകലത്തിലും ആണ് അനുമതി നൽകുന്നത് . †

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷനിലെ നിയമനങ്ങൾ

* 265 . [286] ശ്രീ. എം. വി. രാഘവൻ :

,, സി. കെ. ചക്രപാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷനിലേക്ക് ഏതെങ്കിലും തസ്തികയിലേക്ക് നിയമനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ,ഏതെല്ലാം തസ്തികകളിൽ ;

(സി) ഓരോ തസ്തികയിലും എത്ര നിയമനം വീതം നടത്തി ;

(ഡി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം കേന്ദ്ര ഗവൺമെൻറ് നൽകിയിരുന്നോ ;

(ഇ) എങ്കിൽ അത് എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ നിയമനങ്ങൾ നിലവിലുള്ള കേന്ദ്ര നിർദ്ദേശങ്ങൾക്ക് അനുസൃതമായിരുന്നുവോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) ഇ. എസ്. ഐ. കോർപ്പറേഷനിലേക്കുള്ള നിയമനങ്ങൾ കേന്ദ്ര ഗവൺമെൻറാണ് നടത്തുന്നത്, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പു മാത്രമേ സംസ്ഥാന സർക്കാരിൻെറ കീഴിൽ വരുന്നുള്ളു.

(ബി, സി, ഡി, ഇ ആൻറ് എഫ്)

ഉദിക്കുന്നില്ല

കെ. എസ്. ആർ. ടി. സി. നിർമ്മിക്കുന്ന ബസ്സ് ബോഡികൾ

* 266. [287] ശ്രീ. കെ. സി. ജോസഫ് :

,, കെ. കെ. തോമസ് :

,, കെ. രാഘവൻ മാസ്റ്റർ :

,, ജോസ് കുറിയാനി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകൾ എത്തെല്ലാം തരത്തിലുള്ള ബോഡികളാണ് ഇപ്പോൾ നിർമ്മിക്കുന്നത് ;

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly